ഭക്ഷ്യ സുരക്ഷാ നിയമം

30 (T* 2304) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബുദത്തിന് കാരണമാകുമെന്ന് കണ്ടെത്തിയിട്ടുള്ള 'മോണോ സോഡിയം ഗ്ലൂട്ടമേറ്റ്" അടങ്ങിയിട്ടുള്ള ഭക്ഷണപദാർത്ഥങ്ങളുടെ വിപണനം തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിച്ച് ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന കമ്പനികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(സി) പ്രസ്തുത കമ്പനികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണോ; അല്ലാത്തപക്ഷം ഇത് ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) മോണോ സോഡിയം ഗ്ലൂട്ടമേറ്റ് അർബുദത്തിന് കാരണമാകുമെന്ന് കണ്ടെത്തിയ പഠന റിപ്പോർട്ട് ലഭ്യമല്ല. ഭക്ഷണപദാർത്ഥങ്ങളിൽ നിശ്ചിതമായ അളവിലുള്ള ഇവയുടെ ഉപയോഗം 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്ട് ചില ഭക്ഷണ സാധനങ്ങളിൽ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ഭക്ഷണപദാർത്ഥങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് ക്രമാതീതമായ അളവിൽ മോണോ സോഡിയം ഗ്ലൂട്ടമേറ്റ് പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന പക്ഷം ഉത്തരവാദികൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് അനന്തര നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ഭക്ഷ്യപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാത്തരം കമ്പനികളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നതും നിശ്ചിതനിലവാരമില്ലാത്തതോ മായം ചേർത്തതായോ കണ്ടെത്തുന്നപക്ഷം പ്രസ്തുത കമ്പനികൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുംപ്രകാരം അഡ്ജൂഡിക്കേഷനും പ്രോസിക്യൂഷനും അടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly